**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3910** **03-03-2023 - ൽ മറുപടിയ്ക്ക്**

**സൈബർ കുറ്റകൃത്യങ്ങൾ തടയാൻ കൂട്ട് പദ്ധതി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | സൈബർ-ഓൺലൈൻ കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനായി നടപ്പിലാക്കുന്ന കൂട്ട് പദ്ധതിയുടെ വിശദാംശം നൽകാമോ; | (എ) | 26.07.2022 - ൽ മുഖ്യമന്ത്രി തിരുവനന്തപുരം“കൂട്ട് 22” എന്ന പദ്ധതി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. നോബേൽ സമ്മാന ജേതാവായ ശ്രീ. കൈലാസ് സത്യാർത്ഥിയുടെ നേതൃത്വത്തിലുള്ള ഓർഗനൈസേഷനായ ബച്ച്ബൻ ബച്ചാവോ ആന്ദോളൻ ( Bachpan bachao andolan) എന്ന സംഘടനയോടൊപ്പം വിവിധ എൻ.ജി.ഒ കളുടെ സഹായത്തോടെ കേരളാ പോലീസ് നടപ്പിലാക്കുന്ന പദ്ധതിയാണിത്. സൈബർ ഇടങ്ങളിലെ കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനായി പ്രത്യേക അവബോധനവും ലൈംഗിക ചൂഷണത്തിന് വിധേയരാകുന്ന കുട്ടികൾക്ക് ആവശ്യമായ മാനസിക / സാമൂഹിക പിന്തുണയും നല്കി കുട്ടികളെ ഉത്തമ പൗരൻമാരാക്കുന്നതിനാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. അതിജീവിതമാരുടെ മാതാപിതാക്കൾക്കും മറ്റ് കുടുംബാംഗങ്ങൾക്കും ആവശ്യാനുസരണം കൗൺസിലിംഗും ബോധവത്കരണവും നൽകി വരുന്നു.ആദ്യഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കോഴിക്കോട് എന്നീ നാല് ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ? | (ബി) | പദ്ധതിയുടെ ആദ്യഘട്ടത്തിൽ പോക്സോ കേസ് അതിജീവിതരുടെ ഭവനസന്ദർശനം നടത്തി കൗൺസിലിംഗ് നടത്തിയിട്ടുള്ളതും,ഈ കുട്ടികൾക്ക് ആവശ്യമായ പഠന സഹായങ്ങളും Victim Compensation നുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും നടത്തിവരുന്നു. നിയമ സഹായം ആവശ്യമായ കേസുകളിൽ ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി വഴി ആവശ്യമായ സഹായം ഉറപ്പുവരുത്താനും സാധിച്ചു. |

| | | | |
|---|---|---|---|
| | | | വനിതാ ശിശു വികസന വകുപ്പിന്റെ 'വർണ്ണച്ചിറകുകൾ' കുട്ടികലോത്സവം നടന്ന അവസരത്തിൽ 2000 കുട്ടികൾക്ക് സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് അവബോധം നൽകുകയും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ